**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ മുന്നറിയിപ്പിനെ തുടർന്ന് തൊഴിലിനുപോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം നാളിതുവരെ എത്ര പേർക്ക് വിതരണം ചെയ്തു എന്ന വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ഒക്ടോബർ നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെത്തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി 47.84 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു. FIMS (ഫിഷറീസ് മാനേജ്മെന്റ് സിസ്റ്റം) ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 3000/- രൂപ വീതം അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. FIMS ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്കു, കുടുംബം ഒന്നിന് 1200 രൂപ വീതം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്, ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കു ധന സഹായം അനുവദിച്ചു നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 33101 | 99303000 |
| കൊല്ലം | 21098 | 63294000 |
| ആലപ്പുഴ | 29594 | 88782000 |
| എറണാകുളം | 16170 | 48510000 |
| തൃശൂർ | 6703 | 20109000 |
| മലപ്പുറം | 20761 | 62283000 |
| കോഴിക്കോട് | 18037 | 54111000 |
| കണ്ണൂർ | 6107 | 18321000 |
| കാസർകോഡ് | 5869 | 17607000 |

**അനുബന്ധം 2**

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 32752 | 39302400 |
| കൊല്ലം | 20183 | 24219600 |
| ആലപ്പുഴ | 29100 | 34920000 |
| എറണാകുളം | 16062 | 19274400 |
| തൃശ്ശൂർ | 6379 | 7654800 |
| മലപ്പുറം | 19581 | 23497200 |
| കോഴിക്കോട് | 16667 | 20000400 |
| കണ്ണൂർ | 5787 | 6944400 |
| കാസർകോഡ് | 5886 | 7063200 |